**കേരള സംസ്ഥാന
ഭിന്നശേഷി ക്ഷേമ
കോർപ്പറേഷൻ
ലിമിറ്റഡ്**

0471-2347768, 0471-2322065, 9497281896
kshpwc@kerala.gov.in,ks_kshpwc@yahoo.com
www.hpwc.kerala.gov.in

**<u>പ്രസിദ്ധീകരണത്തിന്</u>**

**ഭിന്നശേഷിക്കാർക്ക് സൗജന്യ മൊബൈൽ ചിപ്പ് ലെവൽ പരിശീലനം**

കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷനും കമ്പ്യൂട്ടറോൺ ട്രൈനിംഗ് സൊല്യൂഷനും സംയുക്തമായി ഭിന്നശേഷിക്കാർക്ക് നടപ്പിലാക്കുന്ന "സൗജന്യ മൊബൈൽ ഫോൺ ചിപ്പ് ലെവൽ സർവീസ് " കോഴ്സിനായുള്ള രണ്ടാം ബാച്ചിലേക്ക് അപേക്ഷകൾ ഗൂഗിൾ ഫോം വഴി സമർപ്പിക്കാവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 31-12-2025. വൈകുന്നേരം 5 മണി വരെ. അവസാന തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

https://www.hpwc.kerala.gov.in/എന്ന വെബ്സൈറ്റിലെ 'ഭിന്നശേഷിക്കാർക്ക് സൗജന്യ മൊബൈൽ ചിപ്പ് ലെവൽ പരിശീലനത്തിനുള്ള അപേക്ഷ ഫോം' എന്ന ലിങ്കിലെ ഗൂഗിൾ ഫോം വഴി സ്വമേധയയോ, കമ്പ്യൂട്ടർ സെൻ്ററുകൾ വഴിയോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ആധാർ കാർഡ്, UDID/ ഭിന്നശേഷി സർട്ടിഫിക്കറ്റ്, SSLC സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യണം.

അപേക്ഷ ലിങ്ക്:
https://docs.google.com/forms/d/1mXIm7JrkVk5jaAr_6UtSEC588P_YxtKQphcFLvAcC0U/edit

കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷനും കമ്പ്യൂട്ടറോൺ ട്രൈനിംഗ് സൊല്യൂഷനും സംയുക്തമായി ഭിന്നശേഷിക്കാർക്ക് നടപ്പിലാക്കുന്ന "സൗജന്യ മൊബൈൽ ഫോൺ ചിപ്പ് ലെവൽ സർവീസ് " കോഴ്സിനായുള്ള അപേക്ഷ ഫോം (ഗൂഗിൾ ഫോം)

**<u>നിബന്ധനകൾ</u>**

- 18 വയസ്സ് പൂർത്തിയായിരിക്കണം. 40 ശതമാനമോ അതിനുമുകളിലോ ഭിന്നശേഷിത്വം ഉള്ളവരിയിരിക്കണം.
- കാഴ്ച്ച പരിമിതി ഉള്ളവർക്കും, ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്കും, തീവ്ര കേൾവി പരിമിതിയുള്ളവർക്കും ചിപ്പ് ലെവൽ കോഴ്സ് പഠിക്കാനും തുടർന്ന് മൊബൈൽ ഫോൺ സർവീസിംഗ് നടത്തുന്നതിനും പ്രയാസം ആയതിനാൽ അപേക്ഷിക്കേണ്ടതില്ല.
- കേൾവി പരിമിതി ഉള്ളവർ ശ്രവണ സഹായിയുടെ സഹായത്തോടെ ക്ലാസുകൾ മനസിലാക്കാനും പ്രായോഗിക ക്ലാസുകൾ കൈകാര്യം ചെയ്യാനും സാധിക്കുമെങ്കിൽ മാത്രം അപേക്ഷ സമർപ്പിക്കുക.

- SSLC പാസ്സായ വ്യക്തി ആയിരിക്കണം.
- യാത്ര ചിലവുകൾ അവരവർ തന്നെ വഹിക്കണം.
- താമസിച്ച് പരിശീലനം നേടുന്നവരുടെ താമസച്ചിലവുകൾ അവരവർ തന്നെ വഹിക്കണം.
- വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് സ്വന്തം ചെലവിൽ പരീക്ഷ അറ്റൻഡ് ചെയ്യാവുന്നതും വിജയിക്കപ്പെടുന്നവർക്ക് NACTET സർട്ടിഫിക്കറ്റ് നൽകുന്നതുമാണ്
- ഗൂഗിൾ ഫോം വഴി അല്ലാതെയുള്ള അപേക്ഷകൾ സ്വീകരിക്കുന്നതല്ല.
- അപേക്ഷ സമർപ്പിക്കുന്നവരുമായി കൂടിക്കാഴ്ച നടത്തി ആവും തെരഞ്ഞെടുക്കുക പരിശീലനത്തിന്
- തിരുവനന്തപുരത്തായിരിക്കും ക്ലാസുകൾ നടക്കുന്നത്.
- സൗജന്യ പരിശീലനം ഒഴികെ മറ്റ് സാമ്പത്തിക സഹായങ്ങൾ നൽകുന്നതല്ല.

കൂടുതൽ
വിവരങ്ങൾ https://www.hpwc.kerala.gov.in/, https://computronsolutions.com/വെബ്സൈറ്റുകളിൽ ലഭ്യമാണ്.

മറ്റ് വിവരങ്ങൾക്ക് ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ്റെ 0471-2347768, 9497281896 എന്ന നമ്പറിലോ കമ്പ്യൂട്ടറോൺ ട്രൈനിംഗ് സൊല്യൂഷൻ്റെ 9778399335 എന്ന നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

MANANGING DIRECTOR

Signed by
Moideenkutty K
Date: 15-12-2025 17:01:53

**Head Office**
Poojappura,Thiruvananthapuram
Kerala, India 695012
CIN No :U91990KL 1979SGC003097

GSTIN 32AACCT1946RIZY

**District Office**
District Panchayat Building
Near Social Justice Office
Civil Station Compound, Kasaragod -671123
Phone- 04994291086

**Regional Offices**
1. Opp.Coast Guard,Fort Kochi,Ernakulam-682001
   Phone:-04842201669
2. Civil Station Compound, Kozhikode 673020
   Phone:- 04952370463